നം. DDDKER/4402/2024-ES2

ക്ഷീര വികസന വകുപ്പ് ഡയറക്ടറേറ്റ്
പട്ടം, തിരുവനന്തപുരം-695 004
ഫോൺ : 0471-2445749, 2445799
e-mail:dir.dairy@kerala.gov.in
cru.ddd@kerala.gov.in

തീയതി: 27-12-2024

## സർക്കുലർ നം. 61/2024

വിഷയം : ക്ഷീര വികസന വകുപ്പ് - ജീവനക്കാര്യം- 2024 കലണ്ടർ വർഷത്തെ സ്വത്ത് വിവര പത്രിക SPARK സോഫ്റ്റ് വെയർ മുഖാന്തിരം ഓൺലൈനായി ഫയൽ ചെയ്യുന്നത് - സംബന്ധിച്ച്.

സൂചന : 10.12.2024 തീയതിയിലെ ADV-C1/167/2024-PandARD നമ്പർ സർക്കുലർ.

മേൽ സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിയ്ക്കുന്നു. 1960 ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളിലെ ചട്ടം 37, 39 എന്നിവ പ്രകാരം പാർട്ട് ടൈം ജീവനക്കാരൊഴികെയുള്ള എല്ലാ സർക്കാർ ജീവനക്കാരും വാർഷിക സ്വത്ത് വിവര പത്രിക ഓരോ വർഷവും ജനുവരി 15 -നകം സമർപ്പിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

പാർട്ട് ടൈം ജീവനക്കാരൊഴികെയുള്ള എല്ലാ സർക്കാർ ജീവനക്കാരും 2024 കലണ്ടർ വർഷത്തെ സ്വത്ത് വിവര പത്രിക SPARK സോഫ്റ്റ്‌വെയർ മുഖേന ഓൺലൈൻ ആയി 2025 ജനുവരി 15 നകം സമർപ്പിക്കേണ്ടതാണെന്നും, വാർഷിക സ്വത്ത് വിവര പത്രിക യഥാസമയം സമർപ്പിക്കുന്നതിൽ വീഴ്ച്ച വരുത്തുന്നത് ശിക്ഷണ നടപടികൾക്ക് കാരണമാകുമെന്നും അത്തരം ജീവനക്കാരെ സ്ഥാനക്കയറ്റം, സ്ഥലമാറ്റം എന്നിവയ്ക്ക് പരിഗണിക്കുന്നതല്ല എന്നും മേൽ സൂചന പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. **വകുപ്പിലെ പല ഉദ്യോഗസ്ഥരും മുൻ വർഷങ്ങളിൽ വാർഷിക സ്വത്ത് വിവര പത്രിക യഥാസമയം സമർപ്പിക്കുന്നതിൽ വീഴ്ച്ച വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.**

പ്രസ്തുത സാഹചര്യത്തിൽ പാർട്ട് ടൈം ജീവനക്കാരൊഴികെയുള്ള എല്ലാ സർക്കാർ ജീവനക്കാരും 2024 കലണ്ടർ വർഷത്തെ സ്വത്ത് വിവര പത്രിക SPARK സോഫ്റ്റ്‌വെയർ മുഖേന ഓൺലൈൻ ആയി **2025 ജനുവരി 15 നകം** സമർപ്പിക്കുവാൻ

നിർദ്ദേശിക്കുന്നു. 2025 ജനുവരി 1 മുതൽ ആയത് സമർപ്പിക്കാവുന്നതാണ്. **സമയബന്ധിതമായി വാർഷിക സ്വത്ത് വിവര പത്രിക ഫയൽ ചെയ്യാത്ത ജീവനക്കാർക്ക് എതിരെ കർശന അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതാണ് എന്നതും അറിയിക്കുന്നു.**

വിശ്വസ്തതയോടെ,

Signed by
Supin V Kas
Date: 27-12-2024 17:04:17

**അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

ഉള്ളടക്കം: സൂചന സർക്കുലർ

പകർപ്പ്:

1. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും
2. എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (ഡെപ്യൂട്ടേഷനിൽ പോയ ജീവനക്കാരുടെയും വാർഷിക സ്വത്ത് വിവര പത്രിക SPARK ൽ സമർപ്പിക്കേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്)
3. എല്ലാ ക്ഷീരപരിശീലന കേന്ദ്രം പ്രിൻസിപ്പാൾമാർക്കും
4. ഫാം ഹെഡ്, സ്റ്റേറ്റ് ഫോഡർ ഫാം
5. പ്രൊജക്റ്റ് ഡയറക്ടർ, ATMA
6. എല്ലാ സെക്ഷൻ സൂപ്രണ്ട്മാർക്കും
7. ഈ ഓഫീസിലെ എല്ലാ ജീവനക്കാർക്കും
8. ഡി.എഫ്.ഐ , IT (വെബ്സൈറ്റിൽ നൽകുന്നതിനായി)
9. ഡയറക്ടർ, എ.ഒ -യുടെ സി.എമാർക്ക്
10. നോട്ടീസ് ബോർഡ്

കേരള സർക്കാർ

ഉദ്യോഗസ്ഥ-ഭരണപരിഷ്കാര (ഉപദേശ-സി) വകുപ്പ്

നം. ADV-C1/167/2024-PandARD    തിരുവനന്തപുരം, തീയതി: 10-12-2024

**<u>സർക്കുലർ</u>**

വിഷയം:- ഉദ്യോഗസ്ഥ-ഭരണപരിഷ്കാര വകുപ്പ്-എല്ലാ സർക്കാർ ജീവനക്കാരും പ്രതിവർഷ സ്വത്ത് വിവര പട്ടിക SPARK സോഫ്റ്റ്‌വെയർ മുഖേന ഓൺലൈൻ ആയി സമർപ്പിക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നത്-സംബന്ധിച്ച്.

സൂചന:- 1. 04.01.2022 ലെ ഉപ.സി2/219/2021-ഉഭപവ നമ്പർ സർക്കുലർ.

2) 03.07.2023 ലെ ഉപ.സി.1/26/2023-ഉഭപവ നമ്പർ സർക്കുലർ.

1960 ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളിലെ ചട്ടം 37, 39 എന്നിവ പ്രകാരം പാർട്ട് ടൈം ജീവനക്കാരൊഴികെയുള്ള എല്ലാ സർക്കാർ ജീവനക്കാരും വാർഷിക സ്വത്ത് വിവര പത്രിക ഓരോ വർഷവും ജനുവരി 15 നകം സമർപ്പിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ സർക്കാർ ജീവനക്കാരും പ്രതിവർഷ സ്വത്ത് വിവര പത്രിക SPARK സോഫ്റ്റ് വെയർ മുഖേന ഓൺലൈൻ ആയി ഫയൽ ചെയ്യുന്നതിന് സൂചന (1) സർക്കുലർ പ്രകാരം മാർഗ്ഗനിർദ്ദേശങ്ങളും പുറപ്പെടുവിച്ചിരുന്നു. വാർഷിക സ്വത്ത് വിവര പത്രിക യഥാസമയം സമർപ്പിക്കാതിരിക്കുന്നത് ശിക്ഷണ നടപടികൾക്ക് കാരണമാകുമെന്നും അത്തരം ജീവനക്കാരെ സ്ഥാനക്കയറ്റം, സ്ഥലമാറ്റം എന്നിവയ്ക്ക് പരിഗണിക്കുന്നതല്ല എന്നും സൂചന (2) സർക്കുലർ പ്രകാരവും നിർദ്ദേശിച്ചിട്ടുണ്ട്.

2) **ആയതിനാൽ, പാർട്ട് ടൈം ജീവനക്കാരൊഴികെയുള്ള എല്ലാ സർക്കാർ ജീവനക്കാരും 2024 കലണ്ടർ വർഷത്തെ സ്വത്ത് വിവര പത്രിക SPARK സോഫ്റ്റ് വെയർ മുഖേന ഓൺലൈൻ ആയി 2025 ജനുവരി 15 നകം സമർപ്പിക്കേണ്ടതാണെന്നും, വാർഷിക സ്വത്ത് വിവര പത്രിക യഥാസമയം സമർപ്പിക്കുന്നതിൽ വീഴ്ച വരുത്തുന്നത് ശിക്ഷണ നടപടികൾക്ക് കാരണമാകുമെന്നും അത്തരം ജീവനക്കാരെ സ്ഥാനക്കയറ്റം, സ്ഥലമാറ്റം എന്നിവയ്ക്ക് പരിഗണിക്കുന്നതല്ല എന്നും ഇതിനാൽ നിർദ്ദേശം നൽകുന്നു.**

ലീന എ

ജോയിന്റ് സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും, ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിയ്ക്കും

എല്ലാ വകുപ്പ് മേധാവികൾക്കും/നിയമനാധികാരികൾക്കും

എല്ലാ ജില്ലാ കളക്ടർമാർക്കും

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം).

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

സെക്രട്ടറി, കേരള സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ, തിരുവനന്തപുരം

സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും, എല്ലാ സെക്ഷനുകൾക്കും.

ധനകാര്യ (ITSF ) വകുപ്പ് (SPARK സോഫ്റ്റ് വെയർ മുഖാന്തരം ഓൺലൈൻ സമർപ്പണത്തിന് ആവശ്യമായ ക്രമീകരണങ്ങൾ നടത്തുന്നതിന്)

വിവര പൊതുജനസമ്പർക്ക വകുപ്പ് ഡയറക്ടർക്ക് (വിപുലമായ പ്രചാരണത്തിന്)

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പിന് (കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്)

നോഡൽ ഓഫീസർ, ഉദ്യോഗസ്ഥ-ഭരണപരിഷ്കാര വകുപ്പ് (_www.pard.kerala.gov.in_ ) എന്ന വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ ഉൾപ്പെടുത്തുന്നതിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sivakumar. G
Date: 10-12-2024 11:25:48
സെക്ഷൻ ഓഫീസർ